## പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1901 | 17/12/2012 - ൽ മറുപടിക്ക്

### പള്ളിത്തോട്ടിൽ സമഗ്ര മത്സ്യഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സമഗ്ര മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിത്തോട്ടിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; | (എ) സംയോജിത മാതൃകാ മത്സ്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിത്തോട് മത്സ്യഗ്രാമത്തിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, ഹൈമാസ്റ്റ് ലൈറ്റുകൾ, പബ്ലിക് ടോയ്‌ലറ്റ്, വ്യക്തിഗത ടോയ്‌ലറ്റുകൾ, ലൈബ്രറി എന്നീ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) ഓരോ പദ്ധതിക്കും എന്ത് തുക വീതമാണ് വകയിരുത്തിയിരിക്കുന്നത് ; | (ബി) ഓരോ പദ്ധതിയ്ക്കും വകയിരുത്തിയിരിക്കുന്ന തുക ചുവടെ ചേർക്കുന്നു.<br>കുടിവെള്ള വിതരണം -42.07 ലക്ഷം രൂപ<br>വ്യക്തിഗത ടോയ്‌ലറ്റുകൾ-40.00 ലക്ഷം രൂപ<br>വൈദ്യുതീകരണം -29.50 ലക്ഷം രൂപ<br>ഹൈമാസ്റ്റ് ലൈറ്റുകൾ -14.00 ലക്ഷം രൂപ<br>പബ്ലിക് ടോയ്‌ലറ്റ് - 08.00 ലക്ഷം രൂപ<br>ലൈബ്രറി - 40.00 ലക്ഷം രൂപ |

| | |
|---|---|
| (സി) ഈ പദ്ധതികൾ എന്ന് ആരംഭി ക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | (സി) മേൽ പദ്ധതികളെല്ലാം ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതാണ്. കുടി വെള്ളപദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേനയും, വൈദ്യുതീകരണം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മുഖേനയും ബാക്കി പദ്ധതികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴിയും നിർവഹണം നടത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ